# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 965      01.03.2017 -ൽ മറുപടിക്ക്

## കടൽക്ഷോഭമനുഭവപ്പെടുന്ന തീരപ്രദേശങ്ങളിൽ സുരക്ഷാ ഭിത്തികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ദാസൻ | ശ്രീ. മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കൊയിലാണ്ടി മണ്ഡലത്തിൽ നിരന്തരമായി കടൽക്ഷോഭമനുഭവപ്പെടുന്ന തീരപ്രദേശങ്ങളിൽ സുരക്ഷാ ഭിത്തികൾ നിർമ്മിക്കണമെന്ന നിരന്തരമായ ആവശ്യത്തെ തുടർന്ന് ഇവിടങ്ങളിൽ എൻ.ഐ.ഐ.ടി. പഠനം നടത്തി കടൽ ഭിത്തി നിർമ്മിക്കുന്നതിന് ഇറിഗേഷൻ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) കേരള തീരങ്ങളിൽ കടൽ ഭിത്തിയുടെ ആവശ്യകതയും ഡിസൈനും സി.ഡബ്ല്യു.പി.ആർ.എസ് മുഖേന പഠനം നടത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) കൊയിലാണ്ടി മണ്ഡലത്തിൽ നടന്നുവരുന്ന കടലാക്രമണ നിരോധന പ്രവർത്തികളും കടൽഭിത്തി നിർമ്മാണ പ്രവർത്തികളും ഏതെല്ലാം; ഓരോ പദ്ധതിയുടെയും എ.എസ്. തുക എത്ര; വിശദമാക്കാമോ? | (ബി) 2016-17 സാമ്പത്തികവർഷം താഴെപറയുന്ന കടലാക്രമണ നിരോധന പ്രവർത്തികൾ കൊയിലാണ്ടി മണ്ഡലത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്.<br>1. ചേമഞ്ചേരി പഞ്ചായത്തിൽ സി.എച്ച്.1902-ന് തെക്ക് നിന്ന് തുടങ്ങി തെക്കോട്ട് 50 മീറ്റർ നീളത്തിൽ കാപ്പാട് കടൽഭിത്തി നിർമ്മാണം -50 ലക്ഷംരൂപ<br>2. പയ്യോളി പഞ്ചായത്തിൽ സി.എച്ച്.2030-ന് തെക്ക് 450 മീറ്റർ നീളത്തിൽ കൊളാവിപ്പാലം കോട്ടപ്പുറം കടൽഭിത്തി നിർമ്മാണം -260 ലക്ഷം രൂപ<br>3. ചേമഞ്ചേരി പഞ്ചായത്തിൽ സി.എച്ച്.1901 ന് 16 മീറ്റർ തെക്ക് തുടങ്ങി വടക്കോട്ട് 50 മീറ്റർ നീളത്തിൽ കാപ്പാട് കടൽഭിത്തിയുടെ പുനരുദ്ധാരണം 15 ലക്ഷം രൂപ |

സെക്ഷൻ ഓഫീസർ